എമ്മാവൂസ്
# വചനദൂത്
Vol.28 / Issue - 44 / 23 April 2017
ഉയിർപ്പ് 2-ാം ഞായർ യോഹ 20:19-29



## സ്നേഹത്തിന്റെ പിടിവാശി

ബ്ര. ജെറിൻ പുല്ലാട്ട്

വത്രമാധ്യമങ്ങളും ആധുനിക സംസ്ക്കാരവും ഒരുപോലെ ചർച്ച ചെയ്യുന്ന വാർത്തയാണ് 'വിശ്വാസത്തിലെ വിലക്കയറ്റം' എന്നത്. വിശ്വാസത്തിന് വില കയറുന്നു എന്നുള്ളത് ആധുനിക സംസ്ക്കാരത്തിന്റെ ഒരു ചിന്തയാണ്. എല്ലാ ചർച്ചകളും പഠനങ്ങളും ചെന്നു നിൽക്കുന്ന ഒരു ഉത്തരമുണ്ട്- വിശ്വാസത്തിന് വില കൂടിയിട്ടില്ല മറിച്ച് വിശ്വാസ പ്രകടനത്തിനാണ് വില കൂടിയിരിക്കുന്നത്. വിശ്വാസം അതിന്റെ പൂർണ്ണതയിൽ പ്രകടിപ്പിക്കുന്ന ആചാരങ്ങളും അനുഷ്ഠാനങ്ങളും മനുഷ്യന്റെ ജീവിത സാഹചര്യ ങ്ങൾക്കനുസരിച്ച് കളം മാറ്റി ചവിട്ടുമ്പോൾ അവയെ വിശ്വാസത്തിന്റെ വിലക്കയറ്റമായി ചിലപ്പോഴെങ്കിലും നാം വ്യാഖ്യാനിക്കാറുണ്ട്. വിശ്വാസത്തിന് വില കുറയുന്നില്ല എന്തെന്നാൽ വിശ്വാസം എന്നത് ഒരു ജീവിതചര്യയാണ്. അതിന് അന്നും ഇന്നും എന്നും ഒരേ രൂപവും ഭാവവും മാത്രം. രക്ഷകനായ എന്റെ കർത്താവും എന്റെ ദൈവവും എന്ന അടിയുറച്ച ബോധ്യം തോമശ്ലീഹായുടെ വിശ്വാസ പ്രഖ്യാപനത്തെ സുവിശേഷം വിചിന്തനത്തിനായി തരുമ്പോൾ തിരിച്ചറിയുക. തോമാശ്ലീഹാ ഒരു അവിശ്വാസി ആയിരുന്നില്ല. യേശു തോമസിനോട് അവിശ്വാസിയാകാതെ വിശ്വാസി ആയിരിക്കുക എന്നു പറയുമ്പോഴും തോമാശ്ലീഹായെ അവിശ്വാസിയെന്ന് മുദ്ര കുത്താൻ നമുക്കാവില്ല. മറിച്ച് തന്റെ ഗുരുനാഥൻ ശിഷ്യർക്ക് ആദ്യദർശനം നൽകിയപ്പോൾ അതിന് സാക്ഷ്യം വഹിക്കാൻ സാധിക്കാതെ പോയവന്റെ പിടിവാശിയാണത്. ദൈവത്തിന്റെ മുമ്പിൽ നടത്തുന്ന പിടിവാശി മറ്റുള്ളവർക്ക് നൽകിയ ദർശനം എനിക്കും അവൻ തരുമെന്ന ആഴമായ വിശ്വാസത്തിൽ നിന്നും ഉടലെടുത്ത പിടിവാശിയാണത്.

ഗുരുവിന്റെ ദർശനം നിഷേധിക്കപ്പെട്ടു എന്ന

തോന്നലും അവഗണിക്കപ്പെട്ടവന്റെ മനസ്സും തോമ ശ്ലീഹായെ നിഷേധിയാക്കി മാറ്റുകയാണ് ഇവിടെ. വാശി പിടിക്കുന്ന ഒരു ശിശുവിനെപോലെ എനിക്കും ആ ദർശനം കിട്ടാതെ ഞാൻ വിശ്വസിക്കില്ല എന്ന് പറയുന്ന തോമസ് ദൈവദർശനത്തിനു വേണ്ടി വാശിപിടിക്കുന്ന ഒരു ശിഷ്യനെയാണ് പ്രതിനിധാനം ചെയ്യുന്നത്. ക്രിസ്തുനാഥനെ കാണുവാൻ അവൻ കാണിക്കുന്ന ഈ പിടിവാശിയിൽ ദൈവത്തിന്റെ മനം അലിയുന്നു. യേശുവിന്റെ രണ്ടാമത്തെ ദർശന വേളയിൽ തോമസിന്റെ പരാതികളും അലിഞ്ഞില്ലാതാകുന്നു. അവൻ തന്റെ ജീവിതത്തിന്റെ അർത്ഥത്തെ മനസ്സിലാക്കുന്നു. തന്റെ പിടിവാശിക്ക് മുന്നിൽ മനസ്സലിയുന്ന ദൈവത്തെ അവൻ വിളിക്കുന്നു- "എന്റെ കർത്താവേ, എന്റെ ദൈവമേ." ദൈവത്തിന്റെ മനസ്സ് അലിയുന്ന തരത്തിൽ എനിക്ക് ദൈവസന്നിധിയിൽ വാശി പിടിക്കാൻ കഴിയുന്നുണ്ടോ? എന്റെ കർത്താവെ എന്റെ ദൈവമേ എന്ന് ആത്മാർതമായി വിളിക്കുവാൻ സാധിക്കുന്നുണ്ടോ? ഇല്ലെങ്കിൽ തോമായെപ്പോലെ അവന്റെ ദർശനത്തിനു വേണ്ടി ആഗ്രഹിച്ച് അവനോടു വാശി പിടിക്കുക - വിശ്വാസത്തോടു കൂടി.

വിശ്വാസ ജീവിതത്തിന് അടയാളങ്ങളെയും അത്ഭുതങ്ങളെയും തേടുന്ന ആധുനിക തലമുറക്ക് ദൈവം നൽകുന്ന പ്രത്യുത്തരമാണ് തോമാശ്ലീഹാ. തോമാശ്ലീഹ വിശ്വസിക്കുന്നതിനു വേണ്ടിയല്ല അടയാളം അന്വേഷിച്ചത്. മറിച്ച് താനും മറ്റു ശിഷ്യരെപ്പോലെ ഗുരുവിനെ കാണാൻ യോഗ്യനാണ് എന്ന തിരിച്ചറിവാണ് അവന്റെ പിടിവാശിക്ക് കാരണം. അർത്ഥവത്തായ ഒരു പിടിവാശിക്കു മുന്നിൽ ദൈവം മനം തുറന്നു എങ്കിൽ പ്രാർത്ഥിക്കുന്ന ആരെയും കൈവിടാൻ ദൈവത്തിന് കഴിയില്ല. കാരണം വിശ്വസിച്ച് ആഗ്രഹിച്ച് പ്രാർത്ഥിക്കുന്നവന്റെ നേരെ ചെവിയടയ്ക്കാൻ ദൈവത്തിന് കഴിയില്ല. വിശ്വാസ ജീവിതത്തിന് വിലകൂടുന്നു എന്ന് നാം പറയുമ്പോഴും തിരിച്ചറിയുക ദൈവപ്രീതി എന്ന് പറയുന്നത് ഈ വിലക്കയറ്റത്തിലൂടെ സംജാതമാകുന്ന ഒന്നല്ല മറിച്ച് മനസ്സും ശരീരവും ഒന്നുപോലെ ആഗ്രഹിച്ച് പ്രവർത്തിക്കേണ്ടതാണ്. എന്റെ ദൈവത്തെ കാണാൻ, അവന്റെ ദർശനത്തിനുവേണ്ടി മനം തുറന്ന് കാത്തിരിക്കുമ്പോൾ അവൻ നമ്മുടെ നയനങ്ങളിൽ നിന്നും അകലെയല്ല.

വിശ്വാസ ജീവിതം ഒരു സംസ്ക്കാരമാക്കാതെ ഒരു ജീവിതചര്യയാക്കാം. ദൈവാനുഗ്രഹത്തിന്റെ നല്ല നാളയെ സ്വപ്നം കാണാം. അപ്പോൾ വിശ്വാസം ജീവിതമാക്കിയ തോമാശ്ലീഹായെ പോലെ ദൈവത്തെ മനം തുറന്ന് കാണാൻ അനുഭവിക്കാൻ അവനു വേണ്ടി മരണം വരിക്കാൻ തക്ക വിശ്വാസചൈതന്യം ലഭിക്കും. തോമാശ്ലീഹായെ പോലെ കർത്താവിനു വേണ്ടി അവനോടൊപ്പം നമുക്കുപോയി മരിക്കാം എന്നു വിശ്വാസ പ്രഖ്യാപനം നടത്താൻ സാധിക്കും. ◆

